178
7/1/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - തൃശ്ശൂർ ആശാഭവൻ (സ്ത്രീകൾ) പുതിയ കെട്ടിടത്തിന് ഒന്നാം നില നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

==================================================================

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ)നം.761/14/സാനീവ തിരുവനന്തപുരം, തീയതി, 19.12.2014.

==================================================================

പരാമർശം : 1. സാമൂഹ്യനീതി ഡയറക്ടറുടെ 15.11.2014 ലെ എഫ്5- 13729/13 നമ്പർ കത്ത്.

2. 18.11.2014 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള തൃശ്ശൂർ ആശാഭവൻ (സ്ത്രീകൾ) പുതിയ കെട്ടിടത്തിൽ 33 അന്തേവാസികളെ മാത്രമേ പാർപ്പിക്കുന്നതിന് സൗകര്യമുള്ളൂവെന്നും എന്നാൽ നിലവിൽ ടി കെട്ടിടത്തിൽ 70 അന്തേവാസികൾ ഉള്ളതിനാൽ ടി കെട്ടിടത്തിനു മുകളിൽ 3.25 കോടി രൂപ ചെലവഴിച്ച് ഒരു നില കൂടി പണിയുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പു ഡയറക്ടർ അഭ്യർത്ഥിച്ചു.

(2) ടി പ്രൊപ്പോസൽ 18.11.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിക്കുകയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ടി പ്രവർത്തിയുടെ ചെലവ് 85 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട് ഒന്നാം നില പണിയുന്നതിന് ശുപാർശ ചെയ്തു.

(3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ആശാഭവൻ (സ്ത്രീകൾ) കെട്ടിടത്തിന്റെ മുകളിൽ ആകെ 3.25 കോടി രൂപ ചെലവിൽ ഒരു നില കൂടി നിർമ്മിയ്ക്കുന്നതിന് ഭരണാനുമതി നൽകിയും 85 ലക്ഷം രൂപയ്ക്കുള്ളിലുള്ള നിർമ്മാണ പ്രവർത്തികൾ നടപ്പ് വർഷം ഏർപ്പെടുത്തുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(4)ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 4235-60-800-98(പി) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.കെ.എം. എബ്രഹാം**

അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്) കേരളം , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ & ഇ) കേരളം , തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ